ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളിൽ 134 ഓവർസിയർ തസ്തികകളും 41 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളും നിലവിലുണ്ട്.

(ബി) എഞ്ചിനീയർമാരില്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ഉദ്യോഗസ്ഥ പുനർവിന്യാസം നടക്കുന്നുണ്ട്. അപ്രന്റീസ് എഞ്ചിനീയർമാരെ നിയമിക്കാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ട്.

(സി)&(ഡി) ഇല്ല. ജനകീയാസൂത്രണത്തിന്റെ ഭാഗമായി തുടങ്ങിയിട്ടുള്ള സാങ്കേതിക സ്വഭാവമടക്കമുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഓരോ ഗ്രാമ പഞ്ചായത്തുകളിലും അപ്രന്റീസ് എഞ്ചിനീയർമാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

108 (610) മുനിസിപ്പൽ കോമൺ സർവീസിലെ പ്യൂൺ തസ്തികയിലെ നിയമനങ്ങൾ

ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ എറണാകുളം ജില്ലയിൽ പ്യൂൺ ആയി പി.എസ്.സി. യിൽ നിന്നും അഡ്വൈസ് മെമ്മോ കിട്ടിയ ഉദ്യോഗാർത്ഥികൾക്ക് മുനിസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും നിയമന ഉത്തരവ് അയയ്ക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വിശദീകരിക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം കിട്ടിയ എത്ര പ്യൂൺമാർ ആണ് എറണാകുളം ജില്ലയിലെ വിവിധ മുനിസിപ്പാലിറ്റികളിൽ ഇപ്പോഴും ജോലി ചെയ്തുകൊണ്ടിരിക്കുന്നത്;

(സി) ഇവർ ഇപ്പോഴും തുടരാൻ എന്താണ് കാരണം;

(ഡി) പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചതിനുശേഷം മുനിസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ ഉത്തരവു അയച്ചിരുന്നോ;

(ഇ) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ഉപയോഗിച്ച് പി.എസ്.സി. നിയമനത്തിന് കോടതിയിൽ നിന്ന് സ്റ്റേ ലഭിക്കാൻ താൽക്കാലിക ജീവനക്കാരെ സഹായിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(എഫ്) കോടതി സ്റ്റേ വെക്കേറ്റ് ചെയ്ത് അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.എസ്.സി. ലിസ്റ്റ് വരുമ്പോൾ ഓപ്പൺ വേക്കൻസി ഇല്ലായിരുന്നുവെങ്കിലും പിന്നീടു വന്ന ഒഴിവുകളിൽ പി.എസ്.സി ശുപാർശ ചെയ്ത 9 ഉദ്യോഗാർത്ഥികളിൽ 7 പേർക്ക് നിയമനം നൽകാൻ ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കൊച്ചി നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച 9 താൽക്കാലിക ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഇപ്പോഴും ജോലിയിൽ തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹു: കേരളാ ഹൈക്കോടതിയിൽ നിന്നും വിവിധ ഘട്ടങ്ങളി ലായി ലഭിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആണ് ഇവർ ഇപ്പോഴും ജോലിയിൽ തുടരുന്നത്.

(ഡി) അയച്ചിരുന്നു.

(ഇ) കോടതിയിൽ നിന്നും സ്റ്റേ ലഭിക്കുന്നതിന് താൽക്കാലിക ജീവ ക്കാരെ നഗരസഭയിലേയോ മുനിസിപ്പൽ ഭരണ ഡയറക്ടർ ആഫീസിലേയോ ഒരു ഉദ്യോഗസ്ഥനും സഹായിച്ചതായി വിവരം കിട്ടിയിട്ടില്ല.

(എഫ്) സ്റ്റേ നീക്കം ചെയ്യുന്നതിന് ആവശ്യം വേണ്ട നടപടി സ്വീകരി ച്ചിട്ടുണ്ട്. കൊച്ചി നഗരസഭയിൽ സ്റ്റേ ഉത്തരവ് മൂലം ഉദ്യോഗാർത്ഥികളെ നിയ മിക്കാൻ സാധിക്കാതെ വന്നാൽ അവശേഷിക്കുന്ന രണ്ടുപേർക്ക് മറ്റു നഗരസ ഭകളിലെ ഒഴിവുകളുടെ ലഭ്യതയനുസരിച്ച് നിയമനം നൽകുന്നതാണ്.

109 (611) ഏഴിക്കര ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക പരാധീനത

<u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക പരാധീനത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തനതു ഫണ്ടിന്റെ അപര്യാപ്തതമൂലം ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രത്യേക സഹായം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ഇതുപയോഗിച്ച് ചെയ്തവർക്കു പോലും പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥ പരിഹരിക്കു വാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സ്ഥിതി കണക്കിലെ ടുത്ത് പ്രത്യേക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) ഇല്ല. 1997-98 സാമ്പത്തിക വർഷം മുതൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നേരിട്ട് പ്രത്യേക ധനസഹായം അനുവദി ക്കുന്ന രീതി ഉപേക്ഷിച്ചിട്ടുണ്ട്. (9.5.1997-ലെ 20544/എൽ3/97/തഭവ. നമ്പർ സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)&(ഡി) പ്രത്യേക ധനസഹായം അനുവദിക്കുന്നരീതി നിലവിലില്ല.

110 (612) മാലിന്യം സംസ്കരിക്കാൻ നടപടി

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം - XIII

LIBRARY ARCHIVES Kerala Legislative Assembly